# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3360

21-12-2012 ൽ മറുപടിയ്ക്ക്

### നെൽകർഷകർക്ക് ഇ - പെയ്മെന്റ് സംവിധാനം

**ചോദ്യം**

ശ്രീ.എം.പി.വിൻസെന്റ്
ശ്രീ.വി.റ്റി.ബൽറാം
ശ്രീ.സണ്ണി ജോസഫ്
ശ്രീ.ഹൈബി ഈഡൻ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്തെ നെൽ കർഷകർക്ക് ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തി യിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ; | (എ) സംസ്ഥാനത്തെ നെൽകർഷകർക്ക് ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം നെൽകൃഷി വികസന പദ്ധതികളുടെ ആനുകൂല്യങ്ങൾ കർഷകരുടെ ബാങ്ക് അക്കൗണ്ടി ലേയ്ക്ക് ഇ.സി.എസ് വഴി ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ എല്ലാ ജില്ലകളിലും പുരോഗമിച്ച് വരുന്നു. |
| (ബി) | പ്രസ്തുത സംവിധാന ത്തിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് നെൽകർഷകന് ലഭിക്കുന്നത്; വിശദമാക്കുമോ; | (ബി) കൃഷിഭവൻ തലത്തിൽ എല്ലാ കൃഷി ക്കാരുടെയും ഒരു ഡാറ്റാ ബേസ് തയ്യാറാക്കുന്നതിനാൽ കർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ അവരവരുടെ ബാങ്ക് അക്കൗണ്ടി ലേയ്ക്ക് കാലതാമസം കൂടാതെ ക്രെഡിറ്റ് ചെയ്യപ്പെടുന്നു. സുതാര്യ മായും വേഗതയിലും മികവുറ്റ തര ത്തിലും പദ്ധതി നിർവ്വഹണം നടക്കുന്നതിനാൽ ആനുകൂല്യ വിതരണത്തിലെ അനാവശ്യമായ കാലതാമസം ഒഴിവാകുന്നു. |

| | | | |
|---|---|---|---|
| (സി) | ആദ്യ ഘട്ടത്തിൽ ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) യും (ഡി) യും | നെൽകൃഷിക്കാർക്കുള്ള ആനുകൂല്യങ്ങൾ ആദ്യഘട്ടത്തിൽ തന്നെ എല്ലാ ജില്ലകളിലും ഇ-പെയ്മെന്റ് വഴി നടപ്പിലാക്കുന്നുണ്ട്. ആയതിനുള്ള നടപടികൾ എല്ലാ ജില്ലകളിലും പുരോഗമിച്ചുവരുന്നു. |
| (ഡി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രസ്തുത സംവിധാനം നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ